കേരള സർക്കാർ

## തൊഴിലും നൈപുണ്യവും വകുപ്പ്

## ലേബർ കമ്മീഷണറുടെ കാര്യാലയം

തൊഴിൽഭവൻ, വികാസ്ഭവൻ.പി.ഒ., തിരുവനന്തപുരം–695 033

Website: www.lc.kerala.gov.in, Email: labourpublicity@gmail.com

---

**പ്രസ്സ് റിലീസ്** **29.07.2017**

**ലേബർ പബ്ലിസിറ്റി ഓഫീസ്**
**ഫോൺ നമ്പർ : 0471 2783908**

---

## അസംഘടിത തൊഴിലാളി
## സാമൂഹ്യസുരക്ഷാ ബോർഡ് പുനസംഘടിപ്പിച്ചു

തൊഴിൽ വകുപ്പു മന്ത്രി ടി.പി.രാമകൃഷ്ണൻ ചെയർപേഴ്സണായും തൊഴിൽ–നൈപുണ്യം വകുപ്പു സെക്രട്ടറി ടോം ജോസ് സെക്രട്ടറിയായും അസംഘടിത തൊഴിലാളി സാമൂഹ്യസുരക്ഷാ ബോർഡ് പുനസംഘടിപ്പിച്ച് സർക്കാർ ഉത്തരവായി.

കെപി.സഹദേവൻ, കെ.കെ.പുഷ്പവല്ലി, ജോസ് വിമൽരാജ്, ബി.ശിവജി സുദർശൻ, കെപി.മേരി(വനിതാപ്രതിനിധി), സോണിയാ ജോർജ്ജ്(വനിതാ പ്രതിനിധി), വി.എ.മുരുകൻ(എസ്.സി/എസ്.ടി/പിന്നോക്ക സമുദായം) എന്നിവരെയാണ് അസംഘടിത തൊഴിലാളികളുടെ പ്രതിനിധികളായി ബോർഡിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

അസംഘടിത മേഖലയിലെ തൊഴിലുടമാ പ്രതിനിധികളായി കേരളാ ആർട്ടിസാൻസ് ഡവലപ്മെന്റ് കോർപറേഷൻ മാനേജിംഗ് ഡയറക്ടർ ടി.വി.വിനോദ്, വി.ഗോപിനാഥൻ(സാർകോ ട്രേഡേഴ്സ്,കണ്ണൂർ),എസ്.ദേവരാജൻ(രാഗം കളക്ഷൻ,കൊല്ലം), ആര്യനാട് മോഹൻ(തിരുവനന്തപുരം), എം.ഖാലിദ്,കോഴിക്കോട്((എസ്.സി/എസ്.ടി/പിന്നോക്ക സമുദായം), ഗീതാ ശശിധരൻ(തിരുവനന്തപുരം)(വനിതാ പ്രതിനിധി),സി.ബിന്ദു(കാസർഗോഡ്)എന്നിവരെയും നിയമസഭയിൽ നിന്നുള്ള പ്രതിനിധികളായി പി.ഉണ്ണി എംഎൽഎ, ഇ.ടി.ടൈസൺ മാസ്റ്റർ എംഎൽഎ എന്നിവരെയും ഉൾപ്പെടുത്തിയിട്ടു ്.

വിവിധ മേഖലകളിൽ നിന്നുള്ള പ്രതിനിധികളായി അഡ്വ.എം.റഹ്മത്തുള്ള,മലപ്പുറം(തൊഴിൽക്ഷേമം/ എസ്.സി/എസ്.ടി/പിന്നോക്ക സമുദായം),ജി.കെ.ലളിതകുമാരി,തിരുവനന്തപുരം(മാനേജ്മെന്റ്/വനിതാ പ്രതിനിധി), എ.സിയാവുദീൻ,തൃശൂർ(ഫിനാൻസ്), സി.എസ്.സുജാത,ആലപ്പുഴ(അഡ്മിനിസ്ട്രേഷൻ/വനിതാ പ്രതിനിധി), അഡ്വ.ബി.രാജേന്ദ്രൻ(നിയമം) എന്നിവരെയും പുനസംഘടിപ്പിച്ച ബോർഡംഗങ്ങളാക്കിയിട്ടു ്.

സർക്കാർ വകുപ്പു പ്രതിനിധികളായി ലേബർ കമ്മീഷണർ കെ.ബിജു, സാമൂഹ്യ നീതി വകുപ്പ് അഡീഷണൽ സെക്രട്ടറി കെ.എം.ലീലാമണി, തൊഴിൽ–നൈപുണ്യം വകുപ്പ് ജോയിന്റ് സെക്രട്ടറി ഡി.ലാൽ, ധന വകുപ്പ് ഡപ്യൂട്ടി സെക്രട്ടറി ജി.ശ്രീനി, നിയമ വകുപ്പ് ജോയിന്റ് സെക്രട്ടറി എസ്.എ.സജീവ്, തദ്ദേശ സ്വയംഭരണ വകുപ്പ് ഡപ്യൂട്ടി സെക്രട്ടറി എം.രാജേഷ്കുമാർ, ഹാൻഡികാപ്പ്ഡ് പേഴ്സൺസ് വെൽഫെയർ കോർപറേഷൻ മാനേജിംഗ് ഡയറക്ടർ കെ.മൊയ്ദീൻകുട്ടി എന്നിവരെയും ഉൾപ്പെടുത്തിയിട്ടു ്. മൂന്നു വർഷമാണ് ബോർഡിന്റെ കാലാവധി.

## നഴ്സുമാരുടെ മിനിമ വേതനം:
## ഉന്നതതല കമ്മിറ്റി രൂപീകരിച്ചു

സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനായി ഉന്നതതല കമ്മിറ്റി രൂപീകരിച്ച് സർക്കാർ ഉത്തരവായി.

തൊഴിൽ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, ആരോഗ്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, നിയമവകുപ്പ് സെക്രട്ടറി, ലേബർ കമ്മീഷണർ എന്നിവർ ഉൾപ്പെട്ട സമിതിയെയാണ് വിഷയം പഠിച്ച് ശിപാർശ സമർപ്പിക്കാൻ നിയോഗിച്ചിരിക്കുന്നത്. കമ്മറ്റി ഒരു മാസത്തിനകം ശിപാർശ സർക്കാരിന് സമർപ്പിക്കണം.

സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ വേതന പരിഷ്ക്കരണവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ അദ്ദേഹത്തിന്റെ കോൺഫറൻസ് ഹാളിൽ ഇക്കഴിഞ്ഞ 20–ന് ചേർന്ന യോഗത്തിൽ എടുത്ത തീരുമാനത്തിന്റെയടിസ്ഥാനത്തിലാണ് നടപടി.

**ലേബർ പബ്ലിസിറ്റി ഓഫീസർ**

**9846063499**